# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 3112**

**19.06.2018 – ൽ**
**മറുപടിയ്ക്ക്**

## കൃഷി വകുപ്പിലെ ഡ്രൈവർ നിയമനം

ചോദ്യം
**ശ്രീ. എം. വിൻസെന്റ്**

മറുപടി
**ശ്രീ. വി. എസ്. സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| **എ)** കൃഷി വകുപ്പിന് സ്വന്തമായി എത്ര ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ ഉണ്ടെന്നും വകുപ്പിന്റെ കീഴിൽ എത്ര ലൈറ്റ് ഡ്യൂട്ടി വാഹന ഡ്രൈവർ തസ്തിക ഉണ്ടെന്നും വെളിപ്പെടുത്തുമോ; | **എ)** കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് സ്വന്തമായി 235 ലൈറ്റ് ഡ്യൂട്ടി വാഹനങ്ങളും 155 ലൈറ്റ് ഡ്യൂട്ടി വാഹന ഡ്രൈവർ തസ്തികയും നിലവിലുണ്ട്. |
| **ബി)** വകുപ്പിൽ എത്ര സ്ഥിരം എൽ.ഡി.വി. ഡ്രൈവർമാരും എത്ര താൽക്കാലിക എൽ.ഡി.വി. ഡ്രൈവർമാരും ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | **ബി)** കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ 142 സ്ഥിരം എൽ.ഡി.വി. ഡ്രൈവർമാരും 5 താൽക്കാലിക ഡ്രൈവർമാരും ജോലി ചെയ്യുന്നുണ്ട്. ഡ്രൈവർ തസ്തിക നിലവില്ലാത്തിടത്ത് കരാർ അടിസ്ഥാനത്തിൽ 75 ഡ്രൈവർമാർ ജോലി നോക്കി വരുന്നുണ്ട്. |
| **സി)** ഒരു വാഹനം അനുവദിക്കുമ്പോൾ ഒരു ഡ്രൈവർ തസ്തിക കൂടി അനുവദിക്കണമെന്ന് ഗവൺമെന്റ് ഓർഡർ നിലവിലിരിക്കുകയും (G.O.(M.S)No/42/88/ P&ARD) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ ഒഴിവാക്കി പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ജോലി നൽകാൻ ഗവൺമെന്റ് തയ്യാറാകുമോ; വിശദമാക്കുമോ; | **സി)** കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ 235 ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ ഉണ്ടെങ്കിലും ഇതിൽ 75 വാഹനങ്ങൾ മൊബൈൽ അഗ്രോ ക്ലിനിക്കിന്റെ ആവശ്യത്തിലേക്കാണ് വാങ്ങിയിട്ടുള്ളത്. പ്രസ്തുത 75 വാഹനങ്ങൾക്കാവശ്യമായ ഡ്രൈവർ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത തസ്തികകൾ കോൺട്രാക്ട് അടിസ്ഥാനത്തിൽ നികത്തണമെന്നാണ് 03/10/2013-ലെ സ.ഉ.(സാധാ)നം.1728/13/എഡി നമ്പർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. നിലവിലുള്ള ഒഴിവിൽ പി.എസ്.സി. വഴി നിയമനം നടത്തുന്ന കാര്യം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |
| **ഡി)** ഒരു വാഹനം അനുവദിക്കുമ്പോൾ ഡ്രൈവർ തസ്തിക അനുവദിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ? | **ഡി)** സർക്കാരിന്റെ വ്യയനിയന്ത്രണ നടപടികളുടെ ഭാഗമായാണ് തസ്തികകൾ സൃഷ്ടിക്കുന്നതിന് കാലതാമസം നേരിടുന്നത് |

**സെക്ഷൻ ഓഫീസർ**